15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95 — 10-06-2024 - ൽ മറുപടിയ്ക്ക്

പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട കേസ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ചുമത്തപ്പെട്ട വകുപ്പുകൾ തിരിച്ച് വ്യക്തമാക്കാമോ; | (എ) | **പൗരത്വ നിയമ ഭേദഗതിക്കെതിരെ നടന്ന സമരങ്ങൾക്കിടെ ഉണ്ടായ നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് 835 കേസ്സുകൾ രജിസ്റ്റർ ചെയ്തിരുന്നു. വകുപ്പുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കേസ്സുകളിൽ എത്രയെണ്ണം പിൻവലിച്ചിട്ടുണ്ട്; അവശേഷിക്കുന്ന കേസ്സുകൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതര ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾക്ക് 26.02.2021 ലെ സ.ഉ.(കൈ)നം. 70/2021/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിരുന്നു.**<br><br>**പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് തുടർനടപടി അവസാനിപ്പിച്ചതും സർക്കാർ നിരാക്ഷേപപത്രം നൽകിയതുമായ 551 കേസ്സുകൾ ഉൾപ്പെടെ 640 കേസ്സുകൾ തീർപ്പായിട്ടുണ്ട്. അവശേഷിക്കുന്ന 194 കേസ്സുകൾ ബഹു. കോടതിയുടെ പരിഗണനയിലാണ്.ഒരു കേസ് അന്വേഷണ ഘട്ടത്തിലാണ്. ഇതിൽ 84 കേസുകളിൽ സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബഹു. കോടതികളാണ്.**<br><br>**അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസ്സുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | സമാന സ്വഭാവമുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെ എടുത്ത എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | **പൗരത്വ നിയമ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതര ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള നടപടികൾക്ക് 26.02.2021 ലെ സ.ഉ.(കൈ)നം.** |

| | | | |
|---|---|---|---|
| | | | 70/2021/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവായിരുന്നു.<br><br>പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് തുടർനടപടി അവസാനിപ്പിച്ചതും സർക്കാർ നിരാക്ഷേപപത്രം നൽകിയതുമായ 551 കേസ്സുകൾ ഉൾപ്പെടെ 640 കേസ്സുകൾ തീർപ്പായിട്ടുണ്ട്. അവശേഷിക്കുന്ന 194 കേസ്സുകൾ ബഹു. കോടതിയുടെ പരിഗണനയിലാണ്.ഒരു കേസ് അന്വേഷണ ഘട്ടത്തിലാണ്. ഇതിൽ 84 കേസുകളിൽ സർക്കാർ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബഹു. കോടതികളാണ്.<br><br>അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ജാമ്യം ലഭിക്കാൻ അർഹതയുള്ളതുമായ കേസ്സുകൾ പരിശോധിച്ച് ക്രിമിനൽ നടപടിക്രമം 321 പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

- 34, 109, 141, 143, 144, 145, 146, 147, 148, 149, 153, 186, 188, 278, 283, 285, 286, 288, 289, 290, 291,307, 308, 323, 324, 325, 326, 332, 333, 353, 354, 392, 427, 447, 448, 451, 465, 471, 504, 506, 507, 509, 153 (A), 294(b), 295(A), 505(2) & 506(i) IPC.
- 151 CrPC
- 120, 153, 77 B, 39 r/w 121 of KP Act.
- 2 of Kerala Prevention of Disturbances of Public Meeting Act 1961.
- Sec 5 of Kerala Epidemic Diseases Ordinance 2020.
- Sec. 3, 4 r/w 6 of Kerala Public Ways (Restriction of Assemblies and Procession ) Act.
- 3 r/w of Kerala Prevention Damage to Private Property and Payment of Compensation 2019.

സെക്ഷൻ ഓഫീസർ